അദ്ദേഹത്തിന് ആരെയും സ്വാധീനിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ സ്വാധീനിച്ചുഎന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഗവൺമെന്റ് അന്വേഷിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചാൽ അതുപ്രകാരം അവിടെ അന്വേഷിച്ചാൽ, യാതൊരു കുഴപ്പവും കണ്ടെത്താൻ കഴിയുകയില്ല. മാരകമായി രോഗങ്ങൾ ബാധിച്ച് മനുഷ്യർ മരിച്ചുവീഴുന്നു. പക്ഷിമൃഗാദികൾ ചത്തൊടുങ്ങുന്നു. അവിടെ മനുഷ്യന് ശ്വാസംവിടാൻ കഴിയാത്ത സ്ഥിതിയാണ്. ഇതിന് നിയന്ത്രണം വരുത്തേണ്ട ഉദ്യോഗസ്ഥൻമാർ അനാസ്ഥ കാണിക്കുന്നു. അവിടത്തെ ജനങ്ങളുടെ വികാരമാണ് ഞാൻ പ്രകടപ്പിക്കുന്നത്. ജനജീവിതം അവിടെ ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഇനിയെങ്കിലും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ദീനരോദനമാണിത്. ഇത് അന്വേഷിക്കാൻപോകുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ആ കമ്പനി ഫുൾസ്വിംഗിൽ ഫലപ്രദമായി പ്രവർത്തിപ്പിച്ചുകൊണ്ട് അന്വേഷിപ്പിക്കുകയും ആ മലിനവായുവിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കുകയും ചെയ്തതിനുശേഷം അതിനുവേണ്ട പ്രതിവിധി കണ്ടെത്തുന്നതുവരെ കമ്പനി അടച്ചിട്ട് മലിനീകരണവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷംമാത്രമേ അത് വീണ്ടും പ്രവർത്തിപ്പിക്കാവൂ. ഒരു കോടി രൂപയുടെ മുതൽമുടക്ക് അവിടെ മലിനീകരണനിവാരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കണമെന്ന് കളക്ടർ നിർദ്ദേശിച്ച ഒരു വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചിട്ടും, ഒരു രൂപപോലും മുതൽമുടക്കാൻ അവിടത്തെ മാനേജുമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് ആശ്വാസം നൽകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാർബൺ ആൻഡ് കെമിക്കൽസ് ഫാക്ടറിയുടെ സ്ഥിതിയെക്കുറിച്ച് ഞാനും നേരിട്ട് കണ്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴേതന്നെ ആ വകുപ്പുകൈകാര്യംചെയ്യുന്ന അധികൃതരെ അന്നുതന്നെ അറിയിച്ചിരുന്നു. ഇന്നിപ്പോഴും അത് ഞാൻതന്നെ കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷം മലിനീകരണ നിവാരണബോർഡിന് നിർദ്ദേശം കൊടുത്തതനുസരിച്ച് ആ ബോർഡ് രണ്ട് വിദഗ്ദ്ധരെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അവിടെനിന്നും പുറത്തുപോകുന്ന വസ്തു അത് പരിധിവിട്ട് പോകുന്നുവെന്നുള്ളത് മുൻനിർത്തി ഉല്പാദനത്തിൽ കുറവ് വരുത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ ഇതിന് ആവശ്യമായ എക്വിപ്മെന്റ് വാങ്ങിച്ച് അതുസംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അത് ശരിയായനിലയിൽ പ്രവർത്തിക്കുന്നില്ലായെങ്കിൽ, കൊടുത്തിട്ടുള്ള നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് അന്വേഷിച്ച്, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) പാലക്കാടു് ജില്ലയിലെ വരൾച്ച ബാധ

ശ്രീ. സി. ടി. കൃഷ്ണൻ: സർ, തുലാവർഷം കുറവായതുകൊണ്ട് പാലക്കാട് ജില്ലയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. വരൾച്ച ബാധിച്ചതുമൂലം നെല്ല്, കപ്പ, ഇഞ്ചി, വാഴ, തെങ്ങ്, തുടങ്ങിയവ എല്ലാം നശിച്ചുപോയിരിക്കുകയാണ്. ആയിരക്കണക്കിന് ഏക്കറിൽ രണ്ടാംവിള ഇറക്കിയിട്ടില്ല. ഇറക്കിയവിളതന്നെ കൊയ്തിട്ടില്ല. മംഗലം, തലമ്പുഴ, പാത്തുണ്ണി തുടങ്ങിയ ജലാശയങ്ങളിലെ വെള്ളം വിടുന്ന ക്രമീകരണങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന പ്രാകപ്പിഴകൂടി മൂലം ആയിരക്കണക്കിന് ഏക്കറിലെ വിള നശിച്ചിരിക്കുകയാണ്. കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് അടിയന്തിരമായി ആശ്വാസം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ നടപടികൾ ജപ്തി നിറുത്തിവയ്ക്കണം. വരൾച്ചബാധിച്ചുവെന്ന് പറഞ്ഞിട്ട് അവസാനനിമിഷം എന്തെങ്കിലും സഹായം കൊടുത്താൽപോര. ഇപ്പോൾ വസ്തുതകൾ മനസ്സിലാക്കി സ്ഥലത്തുപോയി അന്വേഷണം നടത്തി യാഥാർത്ഥ്യബോധത്തോടുകൂടി അവിടത്തെ കാര്യങ്ങൾ മനസ്സിലാക്കി കൃഷിക്കാർക്ക് ആശ്വാസ നടപടികൾ എത്തിക്കണം. ജില്ല മുഴുവൻ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണം. ഏതാനും ചില പ്രദേശങ്ങളെ മാത്രം വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചാൽ പോര. അട്ടപ്പാടിയിലും കൊഴിഞ്ഞാമ്പാറയിലും അഞ്ചാറുമാസമായി വെള്ളമില്ല. ജില്ല ഒട്ടാകെ നാശത്തിന്റെ വക്കിലാണ്. കണ്ണമ്പ്ര, ആലത്തൂർ, പഴമ്പാലക്കോട്, വടക്കാഞ്ചേരി മുതലായ ആശുപത്രികളിൽ ഒരു തുള്ളി വെള്ളം പോലും ഇല്ല. രോഗികൾ വീട്ടിൽനിന്നും വെള്ളം കൊണ്ടുവരികയാണ്. ലക്ഷംവീടുകളിലും ഹരിജൻകോളനികളിലും ഒന്നുംതന്നെ വെള്ളമില്ല. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ വെള്ളം അടിയന്തിരമായി എത്തിക്കണം. കുഴൽക്കിണറുകൾ എന്ന് പേരു വരുത്തിയാൽ പോര. ആശുപത്രികളിലും വെള്ളമെത്തിക്കാനുള്ള നടപടികൾ ഉടനെയുണ്ടാകണം. വെള്ളംകൊടുക്കണം, കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കണം, പാലക്കാട് ജില്ലയെ വരൾച്ചബാധിതപ്രദേശമായി പ്രഖ്യാപിക്കണം, കടക്കാർക്ക് ആശ്വാസം കൊടുക്കണം; ജപ്തിനടപടികൾ നിർത്തിവയ്ക്കണം, എല്ലാകടങ്ങളും ദീർഘകാലവായ്പകളായി പ്രഖ്യാപിക്കണം, കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കാൻ മന്ത്രി അടിയന്തിരമായി ജില്ല സന്ദർശിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഒരു പ്രദേശം വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കണമെങ്കിൽ ചില മാനദണ്ഡങ്ങളൊക്കെയുണ്ട്. പ്രധാനമായിട്ടും മഴയുടെ തോത് കണക്കാക്കിയാണ് അത് സ്വീകരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ആവശ്യപ്പെടുന്നതാണ്. ഇപ്പോൾ മഴ കുറവായിട്ടുള്ള 32 ഗ്രാമങ്ങൾ വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ സാധാരണയിൽ നിന്നും 30 ശതമാനം മഴ കുറവാണെങ്കിലും വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ വ്യക്തമായ കണക്ക് എല്ലാ താലൂക്കുകളെ സംബന്ധിച്ചും ഉണ്ട്. അത് മറികടന്ന് നമ്മൾ എന്തെങ്കിലും ചെയ്യുന്നത് ഉചിതമായിരിക്കുകയില്ല. ഏതായാലും ഗവൺമെന്റ് എല്ലാ പ്രദേശങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയ്ക്ക് കുറവുള്ള പ്രദേശങ്ങളെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ ആശ്വാസ നടപടികൾ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് കൂടുതൽ പ്രദേശങ്ങൾ ആ നിലയ്ക്ക് പരിശോധിക്കാവുന്നതാണ്.

## (6) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ജലക്ഷാമം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതിയൊന്നുമില്ലാത്ത പ്രദേശമാണ്. അവിടെ ജലക്ഷാമം കൊടുമ്പിരി കൊണ്ടിരിക്കുകയാണ്. അവിടെ, നെതർലൻറ് ഗവൺമെന്റിന്റെ സഹായ

LIBRARY ARCHIVES Kerala Legislative Assembly